(ഡി) റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനുമായി നോർത്ത്/സൗത്ത് വിജിലൻസ് മേഖലകൾക്ക് പുറമെ എറണാകുളം ആസ്ഥാനമാക്കി പുതുതായി സെൻട്രൽ സോൺ വിജിലൻസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എല്ലാ ജില്ലാ കളക്ടറേറ്റുകളിലുമുള്ള ഇൻസ്പെക്ഷൻ വിഭാഗത്തെ ഇൻസ്പെക്ഷൻ കം വിജിലൻസ് വിഭാഗമാക്കി മാറ്റി. പൊതുജനങ്ങളുടെ മുഴുവൻ പരാതികളും അന്വേഷിക്കാനും അതിന്മേൽ തുടർനടപടി ഉണ്ടാകാനും നടപടി സ്വീകരിച്ചു.

അടിസ്ഥാന പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

7 (*397) ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിസ്ഥാന പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം സർക്കാർ മേഖലയിൽ പുതുതായി എത്ര സ്കൂളുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പിന്നോക്ക ജില്ലകളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ വന്നശേഷം പുതുതായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു ; എത്ര തസ്തികകൾക്ക് അംഗീകാരം നൽകി ;

(ഇ) എല്ലാ പഞ്ചായത്തുകളിലും ഹൈസ്ക്കൂളുകൾ എന്ന വാഗ്ദാനം പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അടിസ്ഥാന പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 2010-11 സാമ്പത്തികവർഷം, എസ്. എസ്. എ. വഴി 1289 ക്ലാസ് മുറികൾക്കും 349 ഓഫീസ് മുറികൾക്കും 1436 ഗേൾസ് ടോയ്ലറ്റുകൾക്കും 269 മൂത്രപ്പുരകൾക്കും 1646 ചുറ്റുമതിലുകൾക്കും 991 ഇടഭിത്തികൾക്കും 797 കുടിവെള്ള യൂണിറ്റുകൾക്കും 2811 ഇലക്ട്രിഫിക്കേഷനും 221169 കുട്ടികൾക്ക് ഫർണിച്ചറുകൾക്കും അനുമതി നൽകിയിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പ്രകാരം ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയിട്ടുണ്ട്. സുനാമി പുനരധിവാസത്തിന്റെ ഭാഗമായും അടിസ്ഥാന സൗകര്യ വികസനം നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ, എം. പി., എം. എൽ. എ. വികസന ഫണ്ട് ഉപയോഗിച്ചും അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ കേന്ദ്രനിക്ഷേപം

8 (*398) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാദ്ധ്യമപഠനത്തിനും ഗവേഷണത്തിനും സംസ്ഥാനത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എത്രകോടി കേന്ദ്ര നിക്ഷേപം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കേന്ദ്ര നിക്ഷേപത്തിനായി സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) മാദ്ധ്യമപഠനത്തിനും ഗവേഷണത്തിനും സംസ്ഥാനത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നിക്ഷേപം സംബന്ധിച്ച വിവരം താഴെക്കൊടുക്കുന്നു.

ഐ.ഐ.എസ്.ടി.	270 കോടി രൂപ
ഐ.ഐ.എസ്.ഇ.ആർ.	500 കോടി രൂപ
കേന്ദ്രസർവ്വകലാശാല	720 കോടി രൂപ
അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം ക്യാമ്പസ്	400 കോടി രൂപ
ആകെ	1890 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly